

# അത്യപൂർവ്വ ചിത്രം

***ഒരത്യപൂർവ്വ ചിത്രം: ഇടതുനിന്ന് മൂന്നാമത് ഒറ്റമുണ്ടുമാത്രം ഉടുത്തു നിൽക്കുന്നത് പ്രഭാകരയോഗി. നടുവിൽ സ്വാമി വിവേകാനന്ദൻ***



*വിദ്യാലോകം മാസിക. മാവേലിക്കര– 1969.*

# അത്ഭുതപുരുഷൻ

**ശ്രീ**രാമ കൃഷ്ണപരമഹംസരേയും, ശാരദാദേവിയേയും, സ്വാമി വിവേകാനന്ദനേയും തനിക്കറിയാം എന്നുതന്നെയല്ല അന്തേവാസിയായി വളരെക്കാലം ദക്ഷിണേശ്വരത്ത് കഴിഞ്ഞിട്ടുണ്ടെന്നും സ്വാമി വിവേകാനന്ദന് പല സേവനങ്ങളും ചെയ്തുകൊടുത്തിട്ടുണ്ടെന്നും, മഠം സ്ഥാപിച്ചപ്പോൾ തനിക്ക് പ്രവ്രജാനന്ദഃ എന്ന് പേരു നൽകിയെന്നും കന്യാകുമാരിയിൽ വന്നപ്പോൾ ഒരു സഹായി ആയി താനും അവിടെ ഉണ്ടായിരുന്നെന്നും

താൻ 11 വർഷം മാലി ദ്വീപിൽ ഏകാന്തതയിൽ ജലസ്തംഭം, വായുസ്തംഭം തുടങ്ങിയ വിദ്യകൾ അഭ്യസിച്ചിട്ടുണ്ടെന്നും എത്ര കാലം വേണമെങ്കിലും ജലത്തിനടിയിൽ കഴിയാനാകുമെന്നും ഇപ്പോൾ 700 വയസ്സുണ്ടെന്നും മറ്റും സ്വയം അവകാശപ്പെടുന്ന ഒരു യോഗിയുടെ യാഥാർത്ഥ്യങ്ങൾ തിരക്കി പല സത്യാന്വേഷികളും നാനാ പരിശ്രമങ്ങൾ ചെയ്തുപോരുന്നു. മട്ടാഞ്ചേരി യിൽ വച്ച് പല വിദഗ്ദ്ധ ഭിഷഗ്വരന്മാരും അദ്ദേഹത്തെ നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്തതിൽ അസാധാരണമായ ശരീരഘടന എന്നാണ് ഏകകണ്ഠമായി അവർ അഭിപ്രായപ്പെട്ടത്. എത്ര സമയം വേണമെങ്കിലും, ശ്വാസോച്ഛ്വാസവും, ഹൃദയസ്പന്ദനവും നിർത്തിവച്ച് ശവംപോലെ ശയി ക്കുവാൻ അദ്ദേഹത്തിന് കഴിയുമെന്ന് പ്രസിദ്ധരും, പ്രഗത്ഭരുമായ ഒരു സംഘം ഭിഷഗ്വരന്മാർ അഭിപ്രായപ്പെട്ടു! നിരീക്ഷിക്കുവാൻ നേരമുണ്ടെങ്കിൽ ഉയിർത്തെഴുന്നേൽക്കുന്നത് എങ്ങനെയാണെന്ന് കാട്ടിത്തരാമെന്ന് യോഗി കൾ വെളിപ്പെടുത്തി.

അന്വേഷിച്ചതിൽ മാലിദ്വീപിൽ മുഹമ്മദീയ സൂഫികളോടൊപ്പം ഒരു വ്യാഴവട്ടക്കാലം യോഗികൾ ഉണ്ടായിരുന്നതായി കണ്ടെത്തുവാൻ കഴിഞ്ഞു. അറബി അദ്ദേഹം നന്നായി പഠിച്ചു. സൂഫികളിൽനിന്നും മന്ത്രതന്ത്രങ്ങളും വശമാക്കിയാണ് അപ്രത്യക്ഷനായതെന്ന് മനസ്സിലാക്കി. ഏവർക്കും അദ്ദേഹം പ്രിയപ്പെട്ടവനായിരുന്നു എന്നാണറിയുവാൻ കഴിഞ്ഞത്.

ദക്ഷിണേശ്വരത്തുനിന്നും ലഭിച്ച ഒരു ഗ്രൂപ്പ് ഫോട്ടോയിൽ സ്വാമി വിവേകാനന്ദനൊപ്പം പ്രഭാകരയോഗികളുടേയും ചിത്രം കാണുവാൻ കഴി ഞ്ഞു. എന്നാൽ അദ്ദേഹത്തെക്കുറിച്ച് കൂടുതലായി ഒന്നും ആർക്കും അറി ഞ്ഞുകൂടാ! നാനാ ജാതി മതസ്ഥരായ ആബാലവൃദ്ധം ജനങ്ങളുമായി യാതൊരു ഉച്ചനീചത്വം പരിഗണിക്കാതെ ഏറെ സൗഹൃദത്തോടുകൂടി പെരു മാറുന്ന ഒരു മദ്ധ്യവയസ്ക്കനെയാണ് നാം കാണുക.

(ലേഖകൻ: ഇറവങ്കര ഗോപിക്കുറുപ്പ്)